മി. സ്പീക്കർ: രണ്ട് അംഗങ്ങളും ഉന്നയിച്ച വിഷയങ്ങൾ പ്രസക്തമാണ്. 2018-ലെ കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും ബിൽ സംബന്ധിച്ച് ബഹുമാനപ്പെട്ട അംഗം എം. ഉമ്മറും ഓർഡിനൻസ് പ്രഖ്യാപിച്ചതിലെ അപാകത സംബന്ധിച്ച് ശ്രീ. വി. ഡി. സതീശനും ചട്ടം 303 പ്രകാരം ഉന്നയിച്ച ക്രമപ്രശ്നങ്ങളിന്മേൽ റൂളിംഗ് ആവശ്യമാണെന്നാണ് തോന്നുന്നത്.

**റൂളിംഗ്**

2018-ലെ കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും ബിൽ എന്ന പേരിൽ രണ്ട് ബില്ലുകളാണ് ഇന്ന് സഭ പരിഗണിക്കുന്നത്. 2017-ലെ 35, 36 ഓർഡിനൻസുകൾക്ക് പകരമായുള്ള ഈ ബില്ലുകൾ തയ്യാറാക്കിയതിലും അവതരിപ്പിക്കുന്നതിലും സബ്ജക്ട് കമ്മിറ്റി പരിഗണിക്കുന്ന കാര്യത്തിലും അപാകതയും ചട്ടങ്ങളുടേയും കീഴ്വഴക്കങ്ങളുടേയും ലംഘനവും ഉണ്ടെന്നാണ് ബഹുമാനപ്പെട്ട അംഗം ശ്രീ. എം. ഉമ്മർ ക്രമപ്രശ്നത്തിലൂടെ ഇവിടെ ഉന്നയിച്ചത്. ഇക്കാര്യത്തിൽ ഗവൺമെന്റിന്റെ വിശദീകരണം ബഹുമാനപ്പെട്ട മന്ത്രി ഇവിടെ

നൽകുകയും ചെയ്തിട്ടുണ്ട്.

വ്യത്യസ്തങ്ങളായ മൂലനിയമങ്ങൾ ഭേദഗതി ചെയ്യേണ്ടി വരുന്ന സാഹചര്യത്തിൽ അവ ക്ലബ് ചെയ്ത് പുതിയൊരു പേരിൽ സഭയിൽ അവതരിപ്പിച്ച് പാസ്സാക്കുന്ന രീതി നിരവധി സന്ദർഭങ്ങളിൽ നമ്മുടെ സഭയിൽ മുമ്പും ഉണ്ടായിട്ടുണ്ട്. തദ്ദേശഭരണം, റവന്യൂ, ഫിഷറീസ്, ആരോഗ്യം, ഇറിഗേഷൻ, വിദ്യാഭ്യാസം, ഭൂനികുതി തുടങ്ങിയ വിഷയങ്ങളുമായി ബന്ധപ്പെട്ട 30 നിയമങ്ങൾ ഭേദഗതി ചെയ്തുകൊണ്ട് 1979 മാർച്ച് 7-ന് സഭ പാസ്സാക്കിയ 1979-ലെ കേരള ഡിസ്ട്രിക്ട് അഡ്മിനിസ്ട്രേഷൻ ആക്ട്, അതുപോലെ തന്നെ വ്യത്യസ്തങ്ങളായ 34 ആക്ടുകൾക്ക് ഭേദഗതി വരുത്തിക്കൊണ്ട് 2000 മാർച്ച് 31-ന് സഭ പാസ്സാക്കിയ 2000-ലെ കേരള ഡീസെൻട്രലൈസേഷൻ ഓഫ് പവേഴ്സ് ആക്ടും ഇന്നിവിടെ അവതരിപ്പിക്കുന്ന ഇതേ ഗണത്തിൽപ്പെടുന്ന തരത്തിലുള്ള നിയമനിർമ്മാണങ്ങൾ തന്നെയായിരുന്നു. മാത്രവുമല്ല, അതതു വർഷത്തെ ബഡ്ജറ്റ് നിർദ്ദേശങ്ങൾക്കനുസൃതമായി ബന്ധപ്പെട്ട നിയമങ്ങളിൽ മാറ്റം ആവശ്യമായി വരുന്ന സന്ദർഭങ്ങളിൽ നിയമനിർമ്മാണ പ്രക്രിയ കൂടുതൽ

സൗകര്യപ്രദവും കാര്യക്ഷമവുമായി നി ർവ്വഹിക്കപ്പെടുന്നതിനായി ധനകാര്യ ബില്ലുകൾ അവതരിപ്പിച്ച് പാസ്സാക്കുന്ന രീതി നമ്മുടെ സഭയിൽ 1983 മുതൽ തന്നെ നിലനിൽക്കുന്നുണ്ട്.

ബഹുമാനപ്പെട്ട അംഗം ഇവടെ സൂചിപ്പിച്ചതുപോലെ 1987 ജൂൺ 29-ാം തീയതി അന്നത്തെ ബഹുമാന്യനായ സ്പീക്കർ, ഇത്തരത്തിൽ വ്യത്യസ്ത മൂലനിയമങ്ങൾ ഭേദഗതി ചെയ്യുന്നതിനുള്ള നിർദ്ദേശങ്ങൾ ക്ലബ് ചെയ്യുന്ന രീതി ആശാസ്യമല്ലെന്ന ഒരു നിരീക്ഷണം നടത്തിയിരുന്നുവെന്നത് ശരിയാണ്. എന്നാൽ നിയമനിർമ്മാണ രംഗത്ത് പൊതുവായി ഉയർന്നുവന്ന പുതിയ പ്രവണതകൾ, പ്രായോഗികത തുടങ്ങിയവ പരിശോധിച്ച് നമ്മുടെ സഭയിൽ ഈ രീതി വീണ്ടും തുടർന്നുവരുന്നുണ്ട്. അതാണ് ഞാൻ നേരത്തേ സൂചിപ്പിച്ചത്, 1987-ലെ റൂളിംഗിനുശേഷം 2000-ൽ പാസ്സാക്കിയ ബിൽ ഇന്നത്തെ രീതിയിലായിരുന്നു. ഇതിന്റെയടിസ്ഥാനത്തിലാണ് 34 മൂലനിയമങ്ങൾ ഭേദഗതി ചെയ്തുകൊണ്ട് 2000 മാർച്ച് 31-ന് കേരള ഡീസെൻട്രലൈസേഷൻ ഓഫ്

പവേഴ്സ് ആക്ട് നമ്മുടെ സഭ പാസ്സാക്കിയത്. ധനകാര്യ ബില്ലുകളുടെ കാര്യത്തിലെന്നപോലെ ഇന്നിവിടെ പരിഗണിക്കുന്ന ബില്ലുകളുടെ കാര്യത്തിലും മൂലനിയമത്തിലെ വ്യവസ്ഥകൾ വിശദമായി പരിഗണിക്കുന്നതിലേയ്ക്കായി പ്രസ്തുത വിഷയങ്ങളുമായി ബന്ധപ്പെട്ട സബ്ജക്ട് കമ്മിറ്റികളുടെ സംയുക്ത പരിഗണനയ്ക്കായിട്ടാണ് ഈ ബില്ലുകൾ റഫർ ചെയ്യാനുദ്ദേശിക്കുന്നത്. നിയമനിർമ്മാണ പ്രക്രിയ ദൈർഘ്യമേറിയതും സാങ്കേതികവുമായ രീതിയിൽ ആകാതെ വേഗതയിൽ ആകുന്നതിനുവേണ്ടിയുള്ള ഒരു കീഴ്വഴക്കമെന്ന രീതിയിൽ നമ്മൾ അത് തുടർന്നുകൊണ്ടിരിക്കുന്നുണ്ട്. ആകയാൽ ഇവിടെ ഉന്നയിക്കപ്പെട്ടതുപോലെ നമ്മുടെ നിയമസഭാ ചട്ടങ്ങളുടേയോ നടപടിക്രമങ്ങളുടെയോ കീഴ്വഴക്കങ്ങളുടേയോ യാതൊരു തരത്തിലുള്ള ലംഘനങ്ങളും ഈ ബില്ലിന്റെ കാര്യത്തിൽ ഉണ്ടായിട്ടില്ലെന്ന് ചെയർ റൂൾ ചെയ്യുന്നു.

എന്നാൽ ബഹുമാനപ്പെട്ട അംഗം ശ്രീ. വി. ഡി. സതീശൻ ഇവിടെ ഉന്നയിച്ചത് പരിഹരിക്കപ്പെടേണ്ട ഒരു ആക്ഷേപം തന്നെയാണ്. ഇക്കാര്യം

സംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രി കാര്യങ്ങൾ വിശദീകരിക്കുകയുണ്ടായി. അത് വ്യക്തവുമാണ്. മലയാളത്തിലുള്ള മൂലനിയമങ്ങൾ ഭേദഗതി ചെയ്യുന്നതിനായി ഓർഡിനൻസ് പുറപ്പെടുവിക്കുമ്പോൾ മലയാളത്തിൽത്തന്നെ പുറപ്പെടുവിക്കുന്നതിനുപകരം പ്രസ്തുത ഓർഡിനൻസുകൾ ആദ്യം ഇംഗ്ലീഷിൽ പുറപ്പെടുവിക്കുകയും തുടർന്ന് പിശക് തിരുത്തിക്കൊണ്ട് 2017 ഡിസംബറിൽ അതേ ഓർഡിനൻസ് വീണ്ടും പുറപ്പെടുവിച്ചപ്പോൾ മലയാളത്തിലുള്ള ഒരു മൂലനിയമത്തിനുള്ള ഭേദഗതി വീണ്ടും ഇംഗ്ലീഷിൽ തന്നെ പുറപ്പെടുവിച്ചതായും കാണുന്നു. ഇതുമൂലം ഓർഡിനൻസിന് പകരമുള്ള ബില്ലുകൾ തയ്യാറാക്കിയപ്പോൾ അതുസംബന്ധിച്ച കാര്യങ്ങൾ മനസ്സിലാക്കുവാൻ ചില അംഗങ്ങൾക്ക് ബുദ്ധിമുട്ട് നേരിട്ടിട്ടുള്ളതായി ചെയർ മനസ്സിലാക്കുന്നു. എന്നാൽ സഭയിൽ അവതരിപ്പിച്ച രീതി സംബന്ധിച്ച് മന്ത്രി നൽകിയ വിശദീകരണം വ്യക്തമാണ്, അത് അംഗീകരിക്കാവുന്നതാണ്, അത് ശരിയുമാണ്. ഏതായാലും അംഗങ്ങൾക്കുള്ള ബുദ്ധിമുട്ട് ഈ സാഹചര്യമുണ്ടായത് ഒഴിവാക്കപ്പെടാമായിരുന്നു. മേലിൽ ഓർഡിനൻസുകളും അതിനുപകരമുള്ള

ബില്ലുകളും തയ്യാറാക്കുന്ന സന്ദർഭങ്ങളിൽ ബഹുമാനപ്പെട്ട അംഗങ്ങൾക്ക് ഭാഷാപരമായ ബുദ്ധിമുട്ടുകൾ ഉണ്ടാകാത്ത തരത്തിൽ ആയിരിക്കേണ്ടതും ഇക്കാര്യത്തിൽ കൂടുതൽ ജാഗ്രത പുലർത്തേണ്ടതുമാണെന്ന് ചെയർ നിർദ്ദേശിക്കുന്നു.

ശ്രീ. വി. ഡി. സതീശൻ : സർ, ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച ഒരു സംശയം 2018-ലെ കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും ബിൽ ആക്ടാവുമ്പോൾ ഈ പേരിൽ ഒരു ആക്ട് ഉണ്ടാകുമോ; കാരണം വേറെ ഏത് നിയമങ്ങളിലാണ് ഭേദഗതി വരുത്തുന്നത്; ഇങ്ങനെയൊരു ആക്ട് ഇത് പാസ്സായിക്കഴിയുമ്പോൾ ഉണ്ടാകുമോ; അതിനൊരു ക്ലാരിഫിക്കേഷൻ ഉണ്ടാകേണ്ടതാണ്.

മി. സ്പീക്കർ: വ്യക്തത വരുത്താം. 7 ബില്ലുകളെയും കൺസോളിഡേറ്റ് ചെയ്തുകൊണ്ട് അവതരിപ്പിക്കുകയാണ്. അതിൽ വ്യക്തത വരുത്താം.